ഉത്തരം

(എ) ഉണ്ട്.

(ബി) കൊതുകിന്റെ സാന്ദ്രത വളരെ വർദ്ധിക്കുമ്പോൾ, കൊതുകു ജന്യരോഗങ്ങളും ജല മലിനീകരണം അധികമാകുമ്പോൾ ജലജന്യരോഗങ്ങളും വർദ്ധിക്കുന്നു.

(സി) ഡെങ്കിപ്പനി, മലമ്പനി, മന്തുരോഗങ്ങൾ, ജപ്പാൻജ്വരം, കോളറ, ടൈഫോയിഡ്, വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം, പോളിയോ, എലിപ്പനി, ചിക്കൻപോക്സ്, അഞ്ചാംപി, വൈറൽ പനി എന്നിവയാണ്.

(ഡി) പകർച്ച വ്യാധികൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് ദിവസേനയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. കൂടാതെ ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. രോഗബാധിതർക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾക്കുവേണ്ട സംവിധാനങ്ങൾ പി.എച്ച്.ഡി. മുതൽ മെഡിക്കൽ കോളേജുവരെയുള്ള സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. രോഗബാധയേയും വ്യാപനത്തെയും സംബന്ധിച്ച ആരോഗ്യ വകുപ്പും ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും മധുര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസും പഠനങ്ങൾ നടത്തിവരുന്നു. എല്ലാ ജില്ലകളിലും കളക്ടറുടെ നേതൃത്വത്തിൽ രോഗനിയന്ത്രണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

(ഇ) കൊതുകു നിവാരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായി ഡങ്കിപ്പനി നിയന്ത്രണ വിധേയമായികൊണ്ടിരിക്കുന്നു. മറ്റു കൊതുകുജന്യ രോഗങ്ങളും കുറഞ്ഞു വരുന്നതായി കണ്ടുതുടങ്ങിയിട്ടുണ്ട്.

ജലജന്യ രോഗങ്ങൾ തടയുന്നതിനായി ജലത്തിന്റെ ഗുണനിലവാര പരിശോധന ഊർജ്ജിതപ്പെടുത്തുകയും കൂടുതൽ പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ ക്ലോറിനേഷൻ ശക്തിപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി ജലജന്യരോഗങ്ങൾ തടയാൻ കഴിഞ്ഞിട്ടുണ്ട്.

പകർച്ച വ്യാധികൾക്കുള്ള പ്രതിരോധ മരുന്ന്

90 (3842) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ പകർച്ച വ്യാധികൾക്കാണ് പ്രതിരോധ മരുന്ന് നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഡങ്കിപ്പനിക്കും എലിപ്പനിക്കും പ്രതിരോധ മരുന്ന് ലഭ്യമാണോ ; എങ്കിൽ എല്ലാ ആശുപത്രികളിലൂടെയും ഇത്തരം പ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സൗജന്യമായി പ്രതിരോധ മരുന്നുകൾ ജനങ്ങൾക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഡി) അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളുള്ളതിൽ പകർച്ച വ്യാധികൾക്ക് പ്രകിരോധ മരുന്ന് ലഭ്യമാക്കുന്നത് ഏത് വിഭാഗമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അലോപ്പതി വിഭാഗത്തിൽ ഹെപ്പറ്റൈറ്റിസ് - ബി, ചിക്കൻപോക്സ്-പോളിയോ മൈലൈറ്റിസ്, ഇൻഫ്ളുവൻസ, മംസ്, മണ്ണൻ, വില്ലൻചുമ, ഡിഫ്തീരിയ എന്നീ രോഗങ്ങൾക്ക് വാക്സിൻ ലഭ്യമാണ്. ഹോമിയോ, ആയുർവേദ ചികിത്സാരീതികൾ പ്രകാരം എല്ലാ രോഗങ്ങൾക്കും പ്രതിരോധ മരുന്നുകൾ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ആധുനിക വൈദ്യശാസ്ത്രത്തിൽ എലിപ്പനിക്കും ഡങ്കിപ്പനിക്കും പ്രതിരോധ മരുന്നുകൾ ഇല്ലെങ്കിലും ഹോമിയോ/ആയുർവേദ ചികിത്സാ രീതികളിൽ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 524 ഹോമിയോ ഡിസ്പൻസറികളിലൂടെയും 31 ആശുപത്രികളിലൂടെയും, ജില്ലാ ഭരണകൂടം, ഗ്രാമപഞ്ചായത്തുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ വഴിയും ഹോമിയോ പ്രതിരോധ ഔഷധം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആയുർവേദ വകുപ്പ് ഭവന സന്ദർശനം, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലിനിക്കുകൾ എന്നിവ വഴി സൗജന്യമായി മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആയുർവേദ, ഹോമിയോ വിഭാഗങ്ങളിൽ പ്രതിരോധ മരുന്ന് ലഭ്യമാണ്.

പകർച്ചവ്യാധി തടയുന്നതിന് അധികമായി അനുവദിച്ച തുക

91 (3843) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകർച്ചവ്യാധിയായ പനി വ്യാപകമായതിനുശേഷം ആരോഗ്യവകുപ്പ് അധികമായി എത്രകോടി രൂപ ഇത് തടയുന്നതിന് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക ചെലവഴിക്കുന്നതിന് പ്രത്യേക മാനദണ്ഡം എന്തെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ ;

(സി) പ്രസ്തുത തുക ആരോഗ്യവകുപ്പ് മുഖാന്തിരം മാത്രമാണോ ചെലവഴിച്ചത് ; മറ്റ് വകുപ്പുകൾക്കു കൂടി ഇതിൽ നിന്നും തുക നൽകിയിട്ടുണ്ടെങ്കിൽ എത്ര വീതം ഏതൊക്കെ വകുപ്പുകൾക്കാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly